**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 736 — 29.11.2018 -ൽ മറുപടിക്ക്

## തീർത്ഥാടന ടൂറിസം മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) തീർത്ഥാടന ടൂറിസം മേഖലയിൽ ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | എ) തീർത്ഥാടന ടൂറിസം മേഖലയിൽ ഈ സർക്കാർ പിൽഗ്രിം ഹെറിറ്റേജ് സർക്യൂട്ട് അറ്റ് കുളങ്ങര, പിൽഗ്രിം ഹെറിറ്റേജ് സർക്യൂട്ട് അറ്റ് കോലത്തുകര, അണിയൂർ എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും അവ നടപ്പിലാക്കി വരികയും ചെയ്യുന്നു. |
| ബി) സ്വദേശി ദർശൻ, പ്രസാദ് പദ്ധതികളിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ തീർത്ഥാടന ടൂറിസം മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | ബി) സ്വദേശ് ദർശൻ സ്കീമിലും പ്രസാദ് സ്കീമിലും ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾക്ക് കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. അവ നടപ്പിലാക്കി വരുന്നു.<br>**<u>സ്വദേശ് ദർശൻ സ്കീം</u>**<br>1. ശബരിമല വികസനം (എരുമേലി - പമ്പ – സന്നിധാനം)<br>2. ശ്രീ പത്മനാഭ – ആറന്മുള – ശബരിമല വികസനം<br>3. ശ്രീനാരായണ ഗുരു പിൽഗ്രിം ടൂറിസം സർക്യൂട്ട്<br>**<u>പ്രസാദ് സ്കീം</u>**<br>ഗുരുവായൂർ ക്ഷേത്ര വികസനം പിൽഗ്രിം ടൂറിസം സർക്യൂട്ട് |
| സി) പമ്പയിൽ പ്രളയമേൽപ്പിച്ച നാശനഷ്ടങ്ങൾ മറികടക്കുവാൻ കേന്ദ്ര സഹായം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) പമ്പയിൽ പ്രളയമേൽപ്പിച്ച നാശനഷ്ടങ്ങൾ മറികടക്കുവാൻ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹായം തേടിക്കൊണ്ട് ടൂറിസം വകുപ്പ് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല. |

| | |
|---|---|
| ഡി) ശബരിമല തീർത്ഥാടകർക്ക് വിരി വയ്ക്കുന്നതിനും വിശ്രമിക്കുന്നതിനും ഇടത്താവളം നിർമ്മിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ? | ഡി) ശബരിമല തീർത്ഥാടകർക്ക് വിശ്രമിക്കുന്നതിനും വിരിവയ്ക്കുന്നതിനുമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തികൾക്കുള്ള tripartite agreement 26.09.2018-ൽ ഒപ്പ് വച്ചിട്ടുണ്ട്. മലബാർ ദേവസ്വത്തിന്റെയും കൊച്ചിൻ ദേവസ്വത്തിന്റെയും തിരുവിതാംകൂർ ദേവസ്വത്തിന്റെയും കൂടൽമാണിക്യം ദേവസ്വത്തിന്റെയും കീഴിലുള്ള ക്ഷേത്രങ്ങളിൽ Indian Oil Corporation -ന്റെ സഹകരണത്തോടെ ശബരിമല ഇടത്താവള പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഇടത്താവള നിർമ്മാണ പ്രവർത്തികളുടെ പ്രാരംഭ നടപടികൾ പൂർത്തീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ